പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3186** **07-11-2019 ൽ മറുപടിക്ക്**

**സർക്കാർ ഭൂമി കയ്യേറ്റങ്ങൾ ഒഴിവാക്കുവാൻ നടപടി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീ. ഇ. ചന്ദ്രശേഖരൻ (റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സർക്കാർ ഭൂമി കയ്യേറ്റങ്ങൾ വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | അത്തരം കയ്യേറ്റങ്ങളെ നിയന്ത്രിക്കുന്നതിനും കയ്യേറിയ സർക്കാർ ഭൂമി തിരിച്ചുപിടിച്ച് സംരക്ഷിക്കുന്നതിനും ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കുമോ; | (ബി) | സർക്കാർ ഭൂമി കയ്യേറ്റം ഒഴിപ്പിക്കുന്നതിനായി 1957 ലെ കേരള ഭൂസംരക്ഷണ നിയമവും, 1958 ലെ ചട്ടങ്ങളും പ്രകാരമുള്ള ഒഴിപ്പിക്കൽ നടപടികളും 2009-ലെ കേരള ഭൂസംരക്ഷണ നിയമം ഭേദഗതി പ്രകാരമുള്ള ശിക്ഷാ നടപടികളും സ്വീകരിച്ച വരുന്നു. നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി 10.09.2018 ലെ സ.ഉ (സാധാ) 3778/18/റവ നമ്പർ ഉത്തരവിൻ പ്രകാരം കയ്യേറ്റം ഒഴിപ്പിക്കുന്നതിന് വേണ്ടി ലാൻഡ് റവന്യൂ കമ്മീഷണറേറ്റിൽ ജോയിന്റ് കമ്മീഷണറെയും അസിസ്റ്റന്റ് കമ്മീഷണറെയും മറ്റ് ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തി മോണിറ്ററിംഗ് സെൽ രൂപീകരിച്ചിട്ടുള്ളതും പ്രസ്തുത ടീം സ്ഥലപരിശോധന ഉൾപ്പെടെ നടത്തി കയ്യേറ്റം നടപടികൾ സ്വീകരിച്ചു വരികയുമാണ്. രണ്ടാംശനി, ഞായർ ഉൾപ്പെടെയുള്ള പൊതു അവധി ദിവസങ്ങളിൽ സ്ക്വാഡുകൾ പ്രവർത്തിക്കുന്നുണ്ട്. വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് താലൂക്ക് സർവ്വെയറുടെ സഹായത്തോടെ സർക്കാർ ഭൂമി അളന്ന് തിട്ടപ്പെടുത്തി അതിർത്തി കല്ലുകൾ സ്ഥാപിച്ച് കയ്യേറ്റം തടയാനുള്ള നടപടികളും സ്വീകരിച്ചു വരുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 260.4256 ഹെക്ടർ സർക്കാർ ഭൂമിയിലെ കയ്യേറ്റങ്ങൾ ഒഴിപ്പിച്ച് തിരികെ ഏറ്റെടുത്തിട്ടുണ്ട്. |
| (സി) | ഭൂമി കയ്യേറ്റങ്ങൾ ഒഴിവാക്കുവാൻ ജില്ലാ തലത്തിലും താലൂക്ക് തലത്തിലും പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ടോ; അവയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; | (സി) | ഉണ്ട്. സർക്കാർ ഭൂമി കയ്യേറ്റം ഒഴിപ്പിക്കുന്നതിനായി 1957-ലെ കേരള ഭൂസംരക്ഷണ നിയമവും, 1958-ലെ ചട്ടങ്ങളും പ്രകാരമുള്ള ഒഴിപ്പിക്കൽ നടപടികളും 2009-ലെ കേരള ഭൂസംരക്ഷണ |

ഭേദഗതി നിയമപ്രകാരമുള്ള നടപടികളും ത്വരിതപ്പെടുത്തുക എന്ന ലക്ഷ്യത്തിലാണ്. 10.09.2018-ലെ സർക്കാർ ഉത്തരവ് (സാധാ) 3778/18/റവ നമ്പർ ഉത്തരവിൻ പ്രകാരം കമ്മീഷണറേറ്റ് തലത്തിൽ മോണിറ്ററിംഗ് സെൽ പ്രവർത്തിക്കുന്നുണ്ട്. ജില്ലാ തലത്തിലും താലൂക്ക് തലത്തിലും മോണിറ്ററിംഗ് സെൽ രൂപീകരിക്കുന്നുണ്ട്. ഈ ടീം സ്ഥലപരിശോധന ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. രണ്ടാംശനി, ഞായർ ഉൾപ്പെടെയുള്ള പൊതു അവധി ദിവസങ്ങളിലും ടി മോണിറ്ററിംഗ് സെല്ലുകൾ പ്രവർത്തിക്കുന്നു. വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് താലൂക്ക് സർവ്വെയറുടെ സഹായത്തോടെ അതാത് വകുപ്പുകളുടെ ഭൂമികളിലെ കയ്യേറ്റം തടയാനുള്ള നടപടികളും സ്വീകരിച്ചുവരികയാണ്.

| | |
|---|---|
| (ഡി) അപ്രകാരം കയ്യേറിയ ഭൂമിയിൽ എത്ര ഹെക്ടർ ഭൂമി 2016 ന് ശേഷം തിരിച്ചുപിടിച്ചു;വ്യക്തമാക്കുമോ? | (ഡി) 2016-ന ശേഷം 260.4256 ഹെക്ടർ ഭൂമിയിലെ കയ്യേറ്റം പൂർണ്ണമായും ഒഴിപ്പിച്ച് സർക്കാരിലേക്ക് ഏറ്റെടുത്തിട്ടുണ്ട്. ഏറ്റെടുത്ത ഭൂമിയുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |

**സെക്ഷൻ ഓഫീസർ**

**അനുബന്ധം**

| ജില്ല | കയ്യേറ്റം ഒഴിപ്പിച്ചെടുത്ത ഭൂമി (ഹെക്ടറിൽ) |
|---|---|
| തിരുവനന്തപുരം | 5.2232 |
| കൊല്ലം | 3.7494 |
| പത്തനംതിട്ട | 2.0600 |
| ആലപ്പുഴ | 5.1546 |
| കോട്ടയം | 1.3837 |
| ഇടുക്കി | 189.1397 |
| എറണാകുളം | 6.2767 |
| തൃശ്ശൂർ | 8.1062 |
| പാലക്കാട് | 7.9553 |
| മലപ്പുറം | 3.0831 |
| കോഴിക്കോട് | 1.6875 |
| വയനാട് | 26.1556 |
| കണ്ണൂർ | 0.0558 |
| കാസർഗോഡ് | 0.3948 |
| **ആകെ** | **260.4256** |

സെക്ഷൻ ഓഫീസർ